# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 68 — 30.06.2015 – ൽ മറുപടിയ്ക്ക്

### ആയുഷ് വകുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | അലോപ്പതിയും ഇതര വിഭാഗങ്ങളും ചേർത്ത് ആയുഷ് വകുപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വകുപ്പിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഭാരതീയ ചികിത്സാ രീതികളായ ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും ,യുനാനി, സിദ്ധ ഹോമിയോപ്പതി എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് (എം.എസ്) നം.124/2015/ആകുവ പ്രകാരം " ആയുഷ് " വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (ബി) | ആയുഷ് വകുപ്പ് രൂപീകരിക്കുന്ന - തുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ഭാരതീയ ചികിത്സാ രീതികൾക്ക് കൂടുതൽ പ്രാമുഖ്യം നല്കുക എന്ന ഉദ്ദേശത്തോടെയാണ് ആയുഷ് വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. ആയുഷ് വകുപ്പിന്റെ കീഴിൽ വരുന്ന ഭാരതീയ ചികിത്സാവകുപ്പ് , ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഡ്രഗ്സ് (എ. എസ്. യു & എച്ച്) മെഡിസിനൽ പ്ലാന്റ്സ്, ഹോമിയോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ , സ്റ്റേറ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റി , നാഷണൽ ആയുഷ് മിഷൻ, ഔഷധി, ഹോംകോ, ആയുഷ് ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പുരോഗതിക്കും ഉന്നമനത്തിനും ആയുഷ് വകുപ്പ് രൂപീകരിക്കുന്നതോടെ പ്രത്യേക പരിഗണന ലഭിക്കും . കേന്ദ്ര |

സംസ്ഥാന സർക്കാരിൽ നിന്നും അധിക ധന സമാഹരണം നടത്താൻ സാധിക്കും . ആയുഷ് ചികിത്സാ സമ്പ്രദായങ്ങളുടെ സമഗ്ര പുരോഗതി , ഗവേഷണം, പഠനങ്ങൾ എന്നിവയാണ് ഈ വകുപ്പിന്റെ ലക്ഷ്യങ്ങൾ

(സി) ദേശീയ ആയുഷ് മിഷനിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ ഈ വർഷം എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(സി) ഉണ്ട്. 2014-2015 സാമ്പത്തിക വർഷത്തേക്ക് 950.064 ലക്ഷം രൂപ 2015 മാർച്ച് 31 ന് ലഭിക്കുകയുണ്ടായി. 2015-16 ൽ 1106.747 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനത്തിനും വിദ്യാഭ്യാസ ഗവേഷണ രംഗങ്ങളിൽ ഉന്നമനത്തിനുമായി സംസ്ഥാനത്ത് ആയുഷ് വകുപ്പ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ഡി) വകുപ്പ്**

സ.ഉ. (എം.എസ്) നം.124/2015/ആകുവ. തീയതി, തിരുവനന്തപുരം, 18.06.2015

പരാമർശം: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ 27.9.2014 ലെ 445/എ 3/2014/ഐ.എം.ജി. നം പഠന റിപ്പോർട്ട് .

## ഉത്തരവ്

ഭാരതീയ ചികിത്സാ രീതികളായ ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ എന്നീ സമ്പ്രദായങ്ങൾക്കും ഹോമിയോപ്പതിക്കും സംസ്ഥാനത്ത് കൂടുതൽ പ്രാമുഖ്യം നൽകുന്നതിനും ഈ ചികിത്സാ വിഭാഗങ്ങൾ ഗവേഷണപരമായും വിദ്യാഭ്യാസപരമായും കൂടുതൽ ഔന്നത്യം ആർജ്ജിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിൽ ഈ സമ്പ്രദായങ്ങളുടെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും കേന്ദ്ര സർക്കാർ രൂപീകരിച്ചിരിക്കുന്ന മാതൃകയിൽ പ്രത്യേകമായി ആയുഷ് വകുപ്പ് രൂപീകരിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു.

2) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പും ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും ഭാരതീയ പാരമ്പര്യ ചികിത്സാ രീതികൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ആയുഷ് വകുപ്പ് രൂപീകരിക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തു.

3) ടി പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനം ലക്ഷ്യമാക്കി ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി സംസ്ഥാനത്ത് താഴെപ്പറയുന്ന ഉത്തരവാദിത്വങ്ങളോടെ ആയുഷ് വകുപ്പ് രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ആശുപത്രികളുടെ പ്രവർത്തനവും ജീവനക്കാര്യവും ഉൾപ്പടെയുള്ള എല്ലാ വിഷയങ്ങളും.
2. സംസ്ഥാന ആയുഷ് ഹെൽത്ത് സൊസൈറ്റി.
3. പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് ഉൾപ്പടെയുള്ള സർക്കാർ, സ്വകാര്യ, എയ്ഡഡ് ആയുഷ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ്, ജീവനക്കാര്യം ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളും.
4. ആയുഷ് മെഡിക്കൽ ബോർഡ്.

5. ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഹോമിയോപ്പതി വകുപ്പ്, ഡ്രഗ്സ് കൺട്രോളർ (ASU&H) സംസ്ഥാന ഔഷധ സസ്യബോർഡ്, ഔഷധി, ആയുർവേദ പഠന ഗവേഷണ സൊസൈറ്റി കോട്ടയ്ക്കൽ, ഹോംകോ ആലപ്പുഴ, ആലപ്പുഴ ആയുർവേദ പഞ്ചകർമ്മ സൊസൈറ്റി, ട്രഡീഷണൽ നോളജ് ഇന്നവേഷൻ കേരള, എന്നിവ സംബന്ധിച്ച എല്ലാ വിഷയങ്ങളും.
6. ആയുർവേദ ഡ്രഗ്സ് കൺട്രോൾ- ആയുർവേദ മരുന്നുകളുടെ പരിശോധന, ലൈസൻസിംഗ്, ഗുണനിലവാരം ഉറപ്പുവരുത്തൽ, ഡ്രഗ്സ് & കോസ്മറ്റിക് ആക്ട് ലംഘനത്തിന്മേലുള്ള ശിക്ഷണ നടപടികൾ.
7. പാരമ്പര്യവൈദ്യം സംബന്ധിച്ച എല്ലാ വിഷയങ്ങളും.

4) ഈ പ്രവർത്തനങ്ങളുടെ ഏകോപനത്തിന് സെക്രട്ടറിയേറ്റിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ഡി & ജെ സെക്ഷനുകളെ വേർപ്പെടുത്തി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയോടെ ആയുഷ് എ, ആയുഷ് ബി എന്നീ സെക്ഷനുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രത്യേക "ആയുഷ് വകുപ്പ്" രൂപീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

5) റൂൾസ് ഓഫ് ബിസിനസ്സിൽ ഇത് സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് പൊതുഭരണ (എസ്.എസ്) വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

6) ആയുഷ് എ, ബി വകുപ്പുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളെ സംബന്ധിച്ച് വിശദമായ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. കെ. ഇളങ്കോവൻ,**
**സെക്രട്ടറി.**

ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഹോമിയോപ്പതി, തിരുവനന്തപുരം
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹോംകോ, ആലപ്പുഴ
മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ,
ഡ്രഗ്സ് കൺട്രോളർ (ആയുർവേദ)തിരുവനന്തപുരം
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ,തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ആയുർവേദിക് സ്റ്റഡീസ് & റിസർച്ച് സൊസൈറ്റി, കോട്ടയ്ക്കൽ പി.ഒ. എടരിക്കോട്, മലപ്പുറം -676 501
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ്, തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, മെഡിക്കൽ കോളേജ് പി.ഒ, തൃശ്ശൂർ-680 596
രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ,തിരുവനന്തപുരം.
കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (10.06.2015 ലെ ഇനം നം. 6879 )
പൊതുഭരണ (എസ്.എസ്.) വകുപ്പ്
പൊതുഭരണ (സ്പെഷ്യൽ ബി) വകുപ്പ്
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പ്
പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പ്
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ്
ആഭ്യന്തര (എസ്.സി) വകുപ്പ്
ഐ & പി. ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
സെക്രട്ടറി(ആയുഷ്)-ന്റെ പി.എ.യ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

11

അനുബന്ധം - 2

# NATIONAL AYUSH MISSION

## STATE ANNUAL ACTION PLAN 2015-16

| | | | Total Fund (amount in lakhs) | Central Share (amount in lakhs) | State Share (amount in lakhs) |
|---|---|---|---|---|---|
| | **Total resource envelope** | | **1106.747** | **851.184** | **255.563** |
| | **Total Infrastructure support required for AYUSH PMU *(4 % of Total Resource Envelope)*** | | **44.270** | **33.202** | **11.067** |
| | **Available Resource Envelope** | | **1062.477** | **796.858** | **265.619** |
| | **2.2 Flexi Pool Fund *(20% of available resource envelope)*** | | **212.495** | **159.372** | **53.124** |
| 1 | AYUSH wellness Centers at 10 AYUSH Hospitals/ Dispensaries/Standalone | One time assistance .6 lakhs, 5.4 lakhs /month for HR | 60.000 | 45.000 | 15.000 |
| | **Innovations on Mainstreaming of AYUSH including PPP** | | | | |
| 2 | Sports Medicines through AYUSH | Purchase of Hospital Equipments and Furniture for Sports Ayurveda comlpex at Thrissur in a phased manner | 25.000 | 18.750 | 6.250 |
| 3 | Ayush Holistic Centers | Kollam, Ernakulam, Thrissur, Malappuram Corporation / District Panchayats | 37.440 | 28.080 | 9.360 |
| 4 | Homoeopatic Fertility Centers | Kannur, Kozhikode, Thiruvananthapuram | 34.230 | 25.673 | 8.558 |
| 5 | Snehadhara (a palliative care programme) | Idukku & Kozhikode Districts (10 lakhs each) | 20.000 | 15.000 | 5.000 |
| 6 | Comprehencive AYUSH Life style modification Training Programme | Training of Yoga & Life style modification as per AYUSH Systems of Medicine | 15.825 | 11.869 | 3.956 |
| 7 | Research Study on NCD (Director, Ayurveda Medical Education) | Programme for the Efficacy Study of Ayurveda (Medicnes & Panchakarma) in the management of Obesity | 20.000 | 15.000 | 5.000 |
| | | **Grand Total** | **212.495** | **159.371** | **53.124** |
| | | **AYUSH SERVICES** | **657.801** | **493.351** | **164.450** |
| **Sl** | **Name of the Programme** | | | | |
| 1 | Non Recurring Assistance under the scheme Upgradation of AYUSH Hospitals | 1. Construction of 20 bedded Ayurveda Hospital at Chengannur<br>2. Construction of new Ayurveda OP Block & Casualty at Govt. Ayurveda Hospital, Neyyattinkara.<br>3. Construction of 10 bedded Homoeopathic Fertility Centre at Kannur | 240.600 | 180.450 | 60.150 |

| | | | | | |
|---|---|---|---|---|---|
| 2 | Recurring Grant for AYUSH Hospitals | Recurring grant for Diets and other consumables (10 Nos @ Rs .70 lakhs as contingency, Rs. 4.50 lakhs for Diet and other consumables) for Ayurveda Hospitals | 52.000 | 39.000 | 13.000 |
| | | Ayurveda Hospitals (2 lakhs each - 25 Nos) Homoeo Hospitals (1 lakh each - 32 Nos) | 82.000 | 61.500 | 20.500 |
| 3 | Supply of essencial Drugs to Hospitals/ Dispensaries | Construction of Yoga Hall attached to Ayurveda Hosptials/Dispensaries. (7 nos) 20 lakhs for construction & .10 lakhs for contingency) | 140.700 | 105.525 | 35.175 |
| 4 | Upgradation of AYUSH Dispensaries | 8 AYUSH Grams (@Rs. 10 lakhs each) in 8 districts | 80.000 | 60.000 | 20.000 |
| 5 | AYUSH Gram | 21 units (2 blocks per unit) through AYUSH Medical Officers working under NHM @ Rs. 1 lakh per unit | 21.000 | 15.750 | 5.250 |
| 6 | School Health Programme through AYUSH | hiring vehicle @ 39175/month | 4.701 | 3.526 | 1.175 |
| 7 | Mobility Support State | Mobility support for 14 Homoeo DMO's for conducting essential monitoring actvities @ Rs. 1.2 lakhs/district | 16.800 | 12.600 | 4.200 |
| 8 | Mobility Support District | IEC/BCC activities | 20.000 | 15.000 | 5.000 |
| 9 | BCC | **Grand Total** | **657.801** | **493.351** | **164.450** |
| | | | **21.930** | **16.448** | **5.483** |
| | | **AYUSH Educational Institutions** | | | |
| | | | 21.930 | 16.448 | 5.483 |
| 1 | Recurring Grant for Ayurveda Medical College, Kottakkal | 1st Instalment of pending release of Rs. 92 lakhs towards the upgradation of Ayurveda Medical College, Kottakkal | **21.930** | **16.448** | **5.483** |
| | | **Grand Total** | **43.689** | **32.767** | **10.922** |
| | | **Quality Control of ASU & H Drugs** | | | |
| | | | 43.689 | 32.767 | 10.922 |
| 1 | **Grant in Aid to New State Drug Testing Laboratorries of ASU & H Drugs - Buildings & Equipments (one time)** | Atomic Absorption Spectrophotometer | **43.689** | **32.767** | **10.922** |
| | | **Grand Total** | **126.562** | **94.922** | **31.641** |
| | | **Medicinal Plants** | | | |
| | | | 126.562 | 94.922 | 31.641 |
| 1 | Medicinal Plant | Cultivation of Medicinal Plants | **126.562** | **94.922** | **31.641** |
| | | **Grand Total** | | | |

സെക്ഷൻ ഓഫീസർ